## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 156** **17.03.2015-ൽ മറുപടിക്ക്**

### കസ്റ്റഡി മരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. എ. പ്രദീപ് കുമാർ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കസ്റ്റഡിമരണവും പോലീസ് പീഡനം മൂലമുള്ള മരണവും വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) കസ്റ്റഡി മരണത്തിന് ഉത്തര-വാദികൾ കസ്റ്റഡിയിൽ എടുത്തവരാണെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പറഞ്ഞിട്ടുള്ളത് അറിയാമോ; | (ബി) അറിയാം. |
| (സി) കസ്റ്റഡി മരണം സംഭവിച്ചവരുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ; | (സി) പോലീസ് ഉദ്യോഗസ്ഥരുടെ മർദ്ദനം പോലുള്ള നിയമവിരുദ്ധ നടപടികൾ കാരണമാണ് കസ്റ്റഡി മരണമെങ്കിൽ മരിച്ചവരുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. കൂടാതെ ദേശീയ/സംസ്ഥാന മനുഷ്യാവകാശ കമ്മീഷനു-കളുടെയോ കോടതികളുടെയോ നിർദ്ദേശ-പ്രകാരവും നഷ്ടപരിഹാരം നൽകുന്നുണ്ട്. |
| (ഡി) പോലീസ് അന്വേഷണത്തിന്റെ ഭാഗമായി കസ്റ്റഡിയിലാകുന്നയാളുടെ സംരക്ഷണ ഉത്തരവാദിത്വം ആർക്കാ-ണെന്ന് വെളിപ്പെടുത്താമോ ? | (ഡി) പോലീസ് അന്വേഷണത്തിന്റെ ഭാഗമായി കസ്റ്റഡിയിൽ ആകുന്ന ആളിന്റെ സംരക്ഷണ ഉത്തരവാദിത്തം ആയതുമായി ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ഓഫീസർ/അന്വേഷണ ഉദ്യോഗസ്ഥനോ, സംരക്ഷണ ഉത്തരവാദിത്തം ആർക്കെങ്കിലും പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ അവർക്കോ ആയിരിക്കും. |

സെക്ഷൻ ഓഫീസർ